
● ഡോ. എം.ആർ.ഗോവിന്ദൻ



**തലതിരിഞ്ഞ താല്പര്യങ്ങൾ ജീവനെ വിഴുങ്ങാൻ വരുന്ന ഭീതിദാനുഭവങ്ങളാണ് നമ്മെ നേരിടുന്നത്. ഇരുപതിന്റേയും ഇരുപത്തിയൊന്നിന്റെയും കൊടിയടയാളങ്ങളുമായി അധോലോക സംഘങ്ങൾ ഭരണം പിടിച്ചു പറ്റുന്നതാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്.**

# പകർച്ചപ്പനികളുടെ പകർന്നാട്ടം

ഒരു ഭരണകൂടത്തിന്റെ ഉത്തരവാദിത്വമെന്ന് വിശ്വസിക്കപ്പെടുന്നതിൽ പ്രഥമസ്ഥാനം സുരക്ഷിതമായ ജീവിതം ഉറപ്പുവരുത്തുക എന്നത് തന്നെയാണ്. തലതിരിഞ്ഞ താല്പര്യങ്ങൾ ജീവനെ വിഴുങ്ങാൻ വരുന്ന ഭീതിദാനുഭവങ്ങളാണ് നമ്മെ നേരിടുന്നത്. ഇരുപതിന്റേയും ഇരുപത്തിയൊന്നിന്റെയും കൊടിയടയാളങ്ങളുമായി അധോലോക സംഘങ്ങൾ ഭരണം പിടിച്ചു പറ്റുന്നതാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. മനുഷ്യനിർമ്മിതമായ അപമൃത്യുകൾ അരങ്ങേറിക്കൊണ്ടിരിക്കേ ഇതാ ഒരു മഹാമാരിയായി പകർച്ചപ്പനികൾ കേരളത്തെ ഗ്രസിച്ചു കഴിഞ്ഞു.

ഇത്രയും വിപുലമായ തോതിൽ, മാരകമായിത്തന്നെ ജനജീവിതങ്ങളെ പിടിച്ചുലക്കുന്ന ദുരവസ്ഥയെ ഒരു ഭരണകൂടം നേരിടുന്ന തീരാകളങ്കത്തെക്കുറിച്ചാണ് ആലോചിച്ചു പോകുന്നത്.

'യുദ്ധകാലാടിസ്ഥാന നേരിടൽ' എന്ന ബ്രഹ്മാസ്ത്രം തന്നെ പതിവുപോലെ തൊടുത്തുവിടുന്നീ, മാരണ ദുരന്ധന്മാർ.

* ഗ്രാമതല, ജില്ലാതല, സംസ്ഥാനതല സെമിനാറുകൾ തകൃതിയായി നടത്താൻ അടിയന്തിര നിർദ്ദേശങ്ങൾ വാർത്താ വിതരണ ശൃംഘലകളെ വീർപ്പുമുട്ടിച്ചുകൊണ്ട് പൊടിപൊടിക്കുന്നു, ബോധവൽക്കരണത്തിന്റെ സാന്ത്വനങ്ങളുമായി.

* മരുന്നുകൾ വാങ്ങിക്കാനുള്ള ഫണ്ടുകളുടെ 'വരവറിയിപ്പുകൾ'

* ഇഷ്ടം പോലെ ഡോക്ടർമാരെ നിയമിക്കുമെന്ന പ്രഖ്യാപനങ്ങൾ

* രോഗ പ്രതിരോധത്തിൽ വീഴ്ചവരുത്തുന്ന വരെ (താഴേക്കിടയിലുള്ളവരെ മാത്രം തിരഞ്ഞ് പിടിച്ച്) അടിയന്തിരമായി സസ്പെൻഷനിൽ പറഞ്ഞയക്കൽ.

പകർച്ചപനിയെന്ന ഈ മഹാമാരിയെ തടയിട്ട്, ആണിയടിച്ച് തളച്ചിടാൻ ഇതിൽ കൂടുതൽ മറ്റെന്ത് ചെയ്യാനാണ് ഒരു ഭരണകൂടം? ഈ പ്രതിരോധ-പ്രതിവിധി സന്നാഹങ്ങൾ എത്രത്തോളം എങ്ങിനെ നടപ്പാക്കുന്നുവെന്ന് പരിശോധിക്കുക.

സെമിനാറുകൾ യാതൊരു ലക്ഷ്യബോധവുമില്ലാതെ സംഘടിപ്പിക്കുക എന്നതിൽ കവിഞ്ഞ ഭരണ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ പ്രതിരോധപ്രവർത്തനങ്ങൾ സംഘടിപ്പിച്ച ഒരൊറ്റ ഗ്രാമം പോലുമില്ലെന്നതാണ് യാഥാർത്ഥ്യം. ഈ പകർച്ചപ്പനികളിൽ വലിയൊരു ശതമാനം വൈറൽ ബാധമൂലമുണ്ടാകുന്നതാണെന്നും അവിടെ പ്രതിരോധമല്ലാതെ ചികിത്സ പ്രതിവിധി സാദ്ധ്യമല്ലെന്നുമുള്ള തിരിച്ചറിവ് ജനങ്ങളിലെത്തിക്കുകയാണ് ആദ്യപടിയായി ചെയ്യേണ്ടത്.

മരുന്നുകൾ വാങ്ങുന്നതിനുള്ള ഫണ്ടുകൾ എവിടെയെത്തിയെന്ന് നമുക്കറിയുന്നില്ല. ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമുള്ള മരുന്നുകൾ പോലുമില്ലാതെ വലയുന്ന ഹെൽത്ത് സെന്ററുകൾക്ക് അടുത്ത ഭാവിയിൽ കനത്ത പ്രതിസന്ധിയാണ് നേരിടേണ്ടിവരികയെന്നാണ് സൂചന. സെൻട്രൽ പർച്ചേസിങ്ങ് കമ്മിറ്റി (സി.പി.സി.) യാണ് മരുന്നുകൾ വാങ്ങേണ്ട ഏജൻസി. ഇതിൽ താഴെതട്ടിൽ നിന്ന് ഇൻടൻഡ് (ആവശ്യമുള്ള മരുന്നുകളുടെ ലിസ്റ്റ്) ലഭിക്കേണ്ടതുണ്ട്. ഇപ്രാവശ്യം വിലകൂടിയ മരുന്നുകൾ 'ഇൻടൻഡിൽ' വളരെയധികം കടന്നുകൂടിയിരിക്കുന്നതിനാൽ സി.പി.സി. എന്ത് ചെയ്യണമെന്നറിയാതെ മരുന്നുവാങ്ങൽ തീരുമാനം നീട്ടിക്കൊണ്ട് പോകയാണ്. സെന്ററുകളിലേയ്ക്ക് മരുന്നുകൾ എത്തിക്കാൻ സാധിക്കുന്നില്ല. പിന്നെ 'യുദ്ധകാലാടിസ്ഥാനത്തിൽ' ഇപ്പോൾ എത്തിക്കുമെന്ന് പറയപ്പെടുന്ന മരുന്നുകളുടെ 'ഗതിവേഗവും ലക്ഷ്യവും ജനങ്ങൾക്ക് അനുഭവപ്പെടുന്നില്ല.

ഇഷ്ടം പോലെ ഡോക്ടർമാരെ താൽക്കാലികമായി നിയമിക്കുമെന്ന് പറയുന്നു. എത്രയോ പോസ്റ്റുകൾ ഒഴിഞ്ഞുകിടന്നിട്ടും അത്യാവശ്യത്തിന് സ്പെഷ്യലിസ്റ്റുകളായവരെപ്പോലും നിയമിക്കാത്തൊരു സംവിധാനത്തിൽ ഇതിങ്ങിനെയാണെന്ന് അത്ഭുതംകൂറുകയല്ലാതെ മറ്റെന്ത് ചെയ്യാൻ!

'കടമയിൽ വീഴ്ചവരുത്തുന്നവരെ' കൈകാര്യം ചെയ്യുന്നതായി സമ്മതിക്കണം. പക്ഷെ പ്രതിരോധ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന താഴെക്കിടയിലുള്ളവരെ മാത്രം പിടികൂടുന്നതിന്റെ പൊരുൾ ജനത്തിന് മനസ്സിലാകുന്നില്ലെന്ന് മാത്രം.

ഇത്തരമൊരു ആപൽസന്ധിയെ നേരിടുന്നതിൽ ചിലലളിതമായ വസ്തുതകൾ അറിഞ്ഞിരിക്കേണ്ടതാണ്. ശരിയായ സ്ഥിതിവിവരക്കണക്കുകൾ നിരത്തി വെക്കുക. കഴിഞ്ഞ നാലോ അഞ്ചോ വർഷങ്ങളായി നമ്മുടെ സംസ്ഥാനത്ത് പടർന്ന് പിടിച്ച പകർച്ചപ്പനികൾ എത്രയായിരുന്നെന്നും ഏതെല്ലാം ജനുസ്സിൽപെട്ടവയായിരുന്നെന്നും അറിയണം. കുറഞ്ഞ പക്ഷം കഴിഞ്ഞ വർഷത്തെ കണക്കെങ്കിലും ശേഖരിക്കണം. അതിൽ മരണനിരക്കും രോഗാതുരതയും എത്ര വീതമെന്നും അറിയണം. ആ കണക്കുകൾ അപേക്ഷിച്ച് ഇക്കൊല്ലം എത്ര ശതമാനം വർദ്ധനവൊ അല്ലെങ്കിൽ കുറവൊ ആണെന്ന് കണ്ടുപിടിക്കാമല്ലോ? ഈ കണക്കുകളുടെ അടിസ്ഥാനത്തിൽ വേണം പ്രതിരോധ-പ്രതിവിധികൾ നിശ്ചയിക്കാൻ.

പകർച്ചപ്പനികളിൽ ഭൂരിപക്ഷവും വൈറൽ അണുക്കൾ മൂലമാണുണ്ടാകുന്നത്. ജന്തുജന്യവും വെക്ടർ (രോഗവാഹികൾ) മൂലവും ഇവയുണ്ടാകുന്നു. പ്രധാനമായും കൊതുകുകളാണ്

**ഇത്രയും വലിയൊരു സംഘർഷത്തിലെത്തി നിൽക്കുന്നൊരു സന്ദർഭത്തിൽ ഉണർന്ന് പ്രവർത്തിക്കേണ്ട ഭരണത്തലവൻ നിരുത്തരവാദപരമായ പ്രസ്താവനകളും നിറവേറ്റപ്പെടാത്ത വാഗ്ദാനങ്ങളും വാരി വിതറി വിലസുന്നത് ജനകീയേച്ഛയെ പരിഗണിക്കാത്തതിന്റെ തെളിവല്ലേ?**

വെക്ടർ വിഭാഗത്തിൽ പെടുന്നത്. ഡെങ്കിപ്പനിയുടെ വാഹകൻ ഇവിടെ ധാരാളമായി കാണുന്ന കൊതുകുകളാണ്. മറ്റൊരു മാരക രോഗമായ എലിപ്പനി പടരുന്നത് പല വിധം ജന്തുക്കളിലൂടെയുമാണ്. ഈ പ്രധാനപ്പെട്ട രോഗങ്ങളേയും പിടിച്ച് നിർത്താനുള്ള മാർഗ്ഗങ്ങൾ നമുക്കറിയാം. കൊതുകുകൾ പെരുകാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുക. വെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കുകയും കൊതുകുകളെ നിർമ്മാർജ്ജനം ചെയ്യുന്നതിന് 'ഫോഗിങ്ങ്' കർശനമായി ഉറപ്പുവരുത്തുകയും ചെയ്യണം. രോഗബാധിത പ്രദേശങ്ങളിൽ ഈ ഫോഗിങ്ങ് നിർബന്ധമായും ചെയ്തിരിക്കണം.

എലിശല്യം ഒഴിവാക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ അവലംബിച്ചാൽ ഭാവിയിൽ എലിപ്പനി പടരുന്നത് ഒരളവോളം തടയാനാകും. ഇക്കാര്യങ്ങൾ ഉറപ്പുവരുത്തേണ്ടത് ഭരണകൂടമാണ്. ബോധവൽക്കരണം ഇതോടൊപ്പം നിർവ്വഹിക്കാവുന്നതേയുള്ളു. ഇന്നത്തെപ്പോലെ സെമിനാറുകൾ സംഘടിപ്പിച്ച് രോഗപ്രതിരോധം നടത്തുന്നത് അശാസ്ത്രീയമാണ്, ഫലശൂന്യവുമാണ്.

ജനങ്ങളിൽ സംഭ്രാന്തി പരത്തി നെട്ടോട്ടമോടിക്കുന്നതിൽ കവിഞ്ഞ് പ്രതിരോധ, പ്രതിവിധി പ്രവർത്തനങ്ങൾ നമ്മുടെ നാട്ടിൽ കാണാനേയില്ല. ലക്ഷക്കണക്കിന് രൂപയുടെ മരുന്ന് കച്ചവടം ഈ സംഭ്രാന്തിയുടെ മറവിൽ നടക്കുന്നെന്നത് മറ്റൊരു ദുരന്തം.

ഇത്രയും വലിയൊരു സംഘർഷത്തിലെത്തി നിൽക്കുന്നൊരു സന്ദർഭത്തിൽ ഉണർന്ന് പ്രവർത്തിക്കേണ്ട ഭരണത്തലവൻ നിരുത്തരവാദപരമായ പ്രസ്താവനകളും നിറവേറ്റപ്പെടാത്ത വാഗ്ദാനങ്ങളും വാരി വിതറി വിലസുന്നത് ജനകീയേച്ഛയെ പരിഗണിക്കാത്തതിന്റെ തെളിവല്ലേ.

എതെല്ലാം വിധത്തിലുള്ള ആഹ്ലാദ, ആഘോഷത്തിമർപ്പുകൾക്ക് ഫണ്ട് കണ്ടെത്തുന്ന ഭരണ സംവിധാനം, ഫോഗിങ്ങ് എന്ന ഫലപ്രദമായ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഫണ്ടില്ലാ പാട്ട് പാടുന്നത് ജനങ്ങളെ ബഹുമാനമില്ലാത്തതു കൊണ്ടല്ലേ? ഫോൺ വിളികൾക്കും അതിഥിസൽക്കാരങ്ങൾക്കും പിന്നെ മറ്റെല്ലാറ്റിനും ഫണ്ട് കണ്ടെത്തുന്ന ഭരണവർഗ്ഗത്തിന് ഈ ജീവൻ രക്ഷാ ഉപാധികൾക്ക് മാത്രം ഫണ്ടില്ലാതാവാൻ കാരണമെന്തേ? ജനങ്ങൾക്കറിയാൻ അവാശമുണ്ട്. ജനപ്രതിനിധികളുടെ ശമ്പളവും അലവൻസും കൂട്ടാനുള്ള ബില്ലിന്റെ വിശദാംശ ചർച്ചകൾ മാറ്റിവെച്ച് ഈ പ്രതിരോധ പ്രവർത്തനത്തിന് ഫണ്ട് കണ്ടുപിടിക്കാനുള്ള വഴികൾ ആരായുകയല്ലേ ഒരു ജനായത്ത സംവിധാനത്തിൽ അഭികാമ്യം! ഏതെല്ലാം വഴിക്ക് ബഡ്ജറ്റ് പണം ചോർന്നൊഴുകുന്നെന്ന് ജനം കണ്ടുകൊണ്ടിരിക്കയാണ്. ഒരു പ്രാശ്ചിത്തമെന്നോണമെങ്കിലും ഈ മഹാമാരിയെ തടയാനുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായ രീതിയിൽ കൊണ്ടുപോകാൻ ശ്രമിക്കുക. ഭരണകൂടത്തിനുള്ള ഒരവസരം കൂടെ നഷ്ടപ്പെടാതിരിക്കാനുള്ള ആർജ്ജവമെങ്കിലും കാണിച്ചുകൂട, സ്വാർത്ഥതയുടെ പേരിലെങ്കിലും.

ഇനിയെന്ത്? വിവാദച്ചുഴികളിലേക്കും വിദേശബന്ധച്ചരടുകളിലേക്കും വലിച്ചിഴക്കപ്പെടുന്ന ജനകീയാസൂത്രണ നേട്ടങ്ങൾ സാന്ദർഭികമായി നമ്മൾ പ്രയോജനപ്പെടുത്തണം. മറ്റൊരു കാലത്തും നേടാനാകാത്തവിധമൊരു പൊതുസ്വത്വം ഗ്രാമങ്ങൾക്കെങ്കിലും നേടാനായ കാലഘട്ടമായിരുന്നു ജനകീയാസൂത്രണത്തിന്റേത്. അയൽക്കൂട്ടങ്ങളും ഗ്രാമസഭകളും കുടുംബശ്രീകളും അംഗൻവാടികളും ഗ്രാമഹൃദയങ്ങളെ തൊട്ടുണർത്തിയ കാം. ഈ ഉണർവ്വിലേക്ക് തിരിക്കണമിപ്പോൾ. പകർച്ചപ്പനികളുടെ പറുദീസകൾ തച്ചുടക്കാൻ ഗ്രാമസഭകൾക്കാകും. മലിനവസ്തുക്കൾ കുമിഞ്ഞ് കൂടുന്നതും, മലിനജലം കെട്ടികിടക്കുന്നതും ഒഴിവാക്കാൻ ഈ ഗ്രാമീണ കൂട്ടായ്മക്കെ കഴിയൂ. മാരകമായ ഡെങ്കിപ്പനിയും എലിപ്പനിയും തടയാൻ ഈ രണ്ട് സ്രോതസ്സുകളും നശിപ്പിക്കുകയേ വഴിയുള്ളൂ. കെട്ടിക്കിടക്കുന്ന വെള്ളം ഒഴിച്ച് വിടുക. കാലിപ്പാട്ടകൾ, തുറന്ന ടയറുകൾ, കുപ്പികൾ, ചിരട്ടകൾ എന്നുവേണ്ട വെള്ളം ശേഖരിക്കപ്പെടുന്ന എല്ലാ വസ്തുക്കളും കൊതുകുകൾ പെരുകാൻ കാരണമാകുന്നു. ചെറു ജലാശയങ്ങളിൽ കൊതുകു സംഹാരികളായ മീനുകളെ വളർത്തണം. ഈ വക കാര്യങ്ങൾ ശ്രദ്ധിച്ചാൽ മിക്കവാറും കൊതുകുകൾ നാമാവശേഷമായിത്തീരും. പക്ഷേ ഇന്നത്തെ അടയന്തിര ഘട്ടത്തിൽ ഫോഗിങ്ങ് മൂലം അവയെ സംഹരിക്കുക തന്നെ വേണം. വേഷംകെട്ടി, കൊതുകുകളേയും അതിലുപരി ജനങ്ങളേയും ഭയപ്പെട്ട് ആസ്പത്രി സന്ദർശിച്ച് സ്ഥിതിഗതികൾ മനസ്സിലാക്കാൻ മനസ്സില്ലെന്ന് പറയുന്ന ഒരു മന്ത്രിയിൽ നിന്ന് ഇത്തരം ആരോഗ്യരക്ഷാ പരിപാടികൾ പ്രതീക്ഷിക്കുന്നതെങ്ങിനെ. ജനങ്ങളുടെ കൂട്ടായ്മയിൽ നിന്നൂർജ്ജമെടുത്തേ, ഇത്തരം പരിപാടികൾ നടപ്പിലാക്കാനാകൂ. വീടുകളും പരിസരവും മാലിന്യവിമുക്തമാക്കാൻ അവർക്കേ കഴിയൂ. കൊതുകു നശീകരണത്തിനാവശ്യമായ പണം പഞ്ചായത്തുകൾ കൂടെ സഹായിച്ചാൽ സ്വരൂപിക്കാവുന്നതേയുള്ളൂ. അതിനുള്ള പണം വീതിച്ചെടുത്ത് മണിമന്ദിരങ്ങളിൽ പള്ളിയുറക്കംകൊള്ളുന്ന ഭരണാധിപരെ തിരിച്ചറിഞ്ഞ് ഇനി ഭരിക്കട്ടെ എന്ന യാചനയുമായി അക്ഷരാർത്ഥത്തിൽ ആട്ടിയോടിക്കുക. കൂട്ടു നിൽക്കുന്ന ഉദ്യോഗസ്ഥരെ ജനകീയമായി നേരിടുകതന്നെ വേണം. വികേന്ദ്രീകൃതമായ ഗാന്ധിയൻ ഭരണസംവിധാനത്തെക്കുറിച്ച് ഇനിയെങ്കിലും നമുക്ക് ചിന്തിച്ചു തുടങ്ങാം. ●